# കേരള സർവകലാശാല

നം.പി.ആർ.136/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 ജൂലൈ 10, 11 തീയതികളിൽ എസ്.ഡി.ഇ പാളയം സെന്ററിൽ വെച്ച് നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി ഡിഗ്രി (2017 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷയുടെ (LISB 47 – Information Technology) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

2019 ജൂലൈ 3 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ തുടങ്ങിയുള്ള എല്ലാ എം.ബി.എ പരീക്ഷ കൾക്കും സി.ഇ.ടി തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഐ.എം.കെ കാര്യവ ട്ടത്തും ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം, ബിഷപ്പ് ജെറോം ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം മുണ്ടക്കലും ലൂർദ് മാതാ കോളേജ് കുറ്റി ച്ചൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കിക്മ നെയ്യാർഡാമിലും മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നെടുമങ്ങാട് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം പൂജപ്പുരയിലും രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം വർക്കലയിലും എസ്.എൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി അടൂർ പരീക്ഷാകേന്ദ്രമായി അപേക്ഷി ച്ചവർ യു.ഐ.എം ഏഴംകുളത്തും പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ്

2019 ജൂലൈ 30 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂ ടാതെ ജൂലൈ 9 വരെയും 50 രൂപ പിഴയോടെ ജൂലൈ 11 വരെയും 125 രൂപ പിഴയോടെ ജൂലൈ 15 വരെയും അപേക്ഷിക്കാം.

2019 ജൂലൈ 30 ന് ആരംഭിക്കുന്ന മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് II പരീക്ഷയ്ക്ക് പിഴകൂ ടാതെ ജൂലൈ 8 വരെയും 50 രൂപ പിഴയോടെ ജൂലൈ 10 വരെയും 125 രൂപ പിഴയോടെ ജൂലൈ 12 വരെയും അപേക്ഷിക്കാം.

2019 ജൂലൈ 3 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2018 സ്കീം –ഫുൾ ടൈം/യു. ഐ.എം/ട്രാവൽ ആന്റ് ടൂറിസം, 2018 സ്കീം – ഈവനിംഗ് – റെഗുലർ) പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 26 വരെയും 50 രൂപ പിഴയോടെ ജൂൺ 28 വരെയും 125 രൂപ പിഴയോടെ ജൂൺ 29 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങളും ടൈംടേബിളും വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.കോം, എം.എസ്.സി കെമിസ്ട്രി, പോളിമർ കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, സുവോളജി (റെഗുലർ, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – ഫുൾ ടൈം/റെഗുലർ ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മേയിൽ നടത്തിയ ബി.എസ്.സി (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 19 വരെ അപേക്ഷിക്കാം.

## അഭിമുഖം മാറ്റി

എസ്.ഡി.ഇ യിൽ കോൺട്രാക്റ്റ് ലക്ചററിനെ (ഇംഗ്ലീഷ്) തെരഞ്ഞെടുക്കുന്നതിനായി ജൂൺ 28, 29 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരുന്ന ഇന്റർവ്യൂ മാറ്റി വെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

തിരുവനന്തപുരം,
25-06-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098